# സഹായി എഴുതി ജയിപ്പിക്കുന്ന എസ്.എസ്.എൽ.സി; പഠനവൈകല്യമോ, പഠിപ്പിക്കാത്തതോ? | പരമ്പര- 03

01 June 2023, 05:22 PM IST

## പരമ്പര- പിൻബെഞ്ചിലെ യാഥാർഥ്യങ്ങൾ ....

---

> **പത്താംക്ലാസ് പരീക്ഷാഫല പ്രഖ്യാപനത്തിൽ ഇക്കുറിയും വിജയശതമാനത്തിൽ വയനാട് ഏറ്റവും പിന്നിലാണ്. വിവാദവും പരസ്പരം പഴിചാരലും തുടങ്ങി. പത്താംക്ലാസിനെ കേന്ദ്രീകരിച്ച് 'കതിരിൽ മാത്രം വളം വെക്കുന്ന' ഈ ചർച്ചകൾ വയനാടിന്റെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയ്ക്ക് ഗുണം ചെയ്യുമോ? ഒരോ ക്ലാസിലും പഠിക്കുന്ന വിദ്യാർഥി അവരുടെ കരിക്കുലത്തിന്റെ കൂടി സഹായത്തോടെ ആർജിക്കേണ്ട അടിസ്ഥാന അറിവും വികാസവും നേടിയിട്ടുണ്ടോ. വയനാട്ടിലെ പ്രാഥമിക വിദ്യാഭ്യാസ മേഖലയുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് ഒരന്വേഷണം.**

**സംസ്ഥാനത്ത് പത്താംക്ലാസ് പരീക്ഷ കഴിഞ്ഞപ്പോൾ ഏറ്റവുമധികം സഹായികളെ (സ്ക്രൈബ്) ഉപയോഗിച്ച് വിദ്യാർഥികൾ പരീക്ഷ എഴുതിയ ജില്ല വയനാടാണ്. ശരിക്കും നമ്മുടെ കുട്ടികൾക്ക് പഠനവൈകല്യങ്ങളുണ്ടോ. അതോ വിജയശതമാനം ഉയർത്താനുള്ള ചെപ്പടിവിദ്യയാണോ പരീക്ഷാ സഹായികൾ?**

‘‘പത്താംക്ലാസ് പരീക്ഷ നിങ്ങള് വേറെ കുട്ടിയക്കൊണ്ടു എഴുതി ജയിപ്പിച്ചില്ലേ, പ്ലസ് വണ്ണും അങ്ങനെത്തന്നെയല്ലേ, അതിനിപ്പോ ഞങ്ങൾ സ്കൂളിൽ പോകണോ?’’ - പ്ലസ് വണ് പ്രവേശനം നേടിയിട്ടും സ്കൂളിൽ പോവാത്ത ഊരിലെ കൗമാരക്കാരെ ശാസിച്ചതിന് പ്രദേശവാസിയായ പൊതുപ്രവർത്തകന് കിട്ടിയ മറുപടിയാണിത്. കല്പറ്റ നഗരസഭാപരിധിയിലെ ഈ ഊരില് ഫുട്ബോളും തട്ടി, പാട്ടുംപാടി നടക്കുന്ന കൗമാരക്കാരുടെ കൂട്ടമുണ്ട്. അധികൃതരുടെ രേഖകളിൽ ഈ കുട്ടികളെല്ലാം സ്കൂളിൽ പോകുന്നുണ്ട്. ഹാജരുണ്ട്. എന്നാൽ ഇവർ ഊരുകളിൽ തന്നെയാണെന്ന് സമീപവാസികൾക്കെല്ലാമറിയാം.

ഈ അനുഭവത്തിന് മറുകഥയുമുണ്ട്. ഇക്കുറി പത്താംക്ലാസ് പരീക്ഷയെഴുതി വിജയിച്ച മിടുക്കി പരീക്ഷയ്ക്ക് മുമ്പെ മാതാപിതാക്കളോട് പറഞ്ഞത് “തീരെ ആശങ്ക വേണ്ട, ഇതെന്റെ രണ്ടാമത്തെ എസ്.എസ്.എൽ.സി. പരീക്ഷയല്ലേ” എന്നാണ്. ക്ലാസിൽ ഒന്നാം സ്ഥാനക്കാരിയായ കുട്ടി ഒമ്പതിൽ പഠിക്കുമ്പോൾ പത്താംക്ലാസ് വിദ്യാർഥിയുടെ പരീക്ഷാസഹായി ആയിരുന്നു. അന്ന്

പത്താംക്ലാസിലെ അത്യാവശ്യ പാഠങ്ങളും കൂടി ഒമ്പതാംക്ലാസുകാരിയെ പഠിപ്പിച്ചാണ് അധ്യാപകർ പരീക്ഷയ്ക്ക് സഹായിയാക്കിയത്.

> **സംസ്ഥാനത്ത് തന്നെ ഏറ്റവും കൂടുതൽ പഠനവൈകല്യമുള്ള വിദ്യാർഥികൾ പരീക്ഷ എഴുതുന്ന ജില്ല വയനാടാണ്. ജില്ലാവിദ്യാഭ്യാസ വകുപ്പിന്റെ കണക്കുപ്രകാരം 2023 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷ 11,787 കുട്ടികൾ എഴുതിയതിൽ 1023 കുട്ടികൾ പരീക്ഷാസഹായിയെ ഉപയോഗിച്ചു.**

134 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ ഗവ. സ്കൂളിൽ 39 കുട്ടികൾക്കാണ് പരീക്ഷാസഹായിയെ ഉപയോഗിച്ചത്. വിരലിലെണ്ണാവുന്നത്രയും എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകൾ മാത്രമാണ് പരീക്ഷാ സഹായികളെ ഉപയോഗിക്കാതെ വിദ്യാർഥികളെ വിജയിപ്പിച്ചത്. 2458 എസ്.ടി. കുട്ടികൾ പരീക്ഷ എഴുതിയതിൽ 602 കുട്ടികൾക്ക് സഹായി വേണ്ടിവന്നു - നാലിൽ ഒരാൾക്ക്. മറ്റു വിദ്യാർഥികള് സഹായിയെ ഉപയോഗിച്ചതും കൂടി. വിജയശതമാനം ഉയർത്താൻ ജില്ലയിലെ സ്കൂളുകൾ വ്യാപകമായി ഉപയോഗിക്കുന്ന തന്ത്രമാണ് പരീക്ഷാസഹായികളെന്നാണ് ആരോപണം ഉയരുന്നത്.

അസ്വഭാവികമായി പരീക്ഷാസഹായികളുടെ എണ്ണം കൂടിയതോടെ സംസ്ഥാനതലത്തിൽ അന്വേഷണം നടന്നു. പലകുട്ടികളും പഠനസഹായിയുടെ സഹായമില്ലാതെ തന്നെ പരീക്ഷ എഴുതാൻ സാധിക്കുന്നവരാണെന്ന് കണ്ടെത്തി. കഴിഞ്ഞ മാസം കളക്ടറേറ്റിൽ ചേർന്ന പ്രധാനധ്യാപകരുടെയും വിദ്യാഭ്യാസ വകുപ്പുദ്യോഗസ്ഥരുടെയും യോഗത്തിൽ ഇതു ചർച്ചയായി. വരുന്ന അധ്യയന വർഷം അർഹർക്ക് മാത്രമേ പഠനസഹായിയെ അനുവദിക്കാന് പാടൂവെന്ന് കളക്ടർ ഡോ. രേണുരാജ് കർശന നിർദേശം നൽകിയിട്ടുണ്ട്.

## പഠനവൈകല്യമോ, പഠിപ്പിക്കാത്തതോ?

ഇത്രയും പേർ പരീക്ഷാ സഹായിയെ ഉപയോഗിക്കുന്ന വയനാട്ടിൽ പഠനവൈകല്യമാണോ വിഷയം അറിയാതെയുള്ള തപ്പിത്തടയലാണോ പ്രശ്നമെന്നാണ് ആദ്യം കണ്ടെത്തേണ്ടത്. വായനാവൈകല്യം, രചനാവൈകല്യം, ഗണിതവൈകല്യം എന്നിങ്ങനെ മൂന്നായാണ് മാനസികാരോഗ്യവിദഗ്ധർ പഠനവൈകല്യങ്ങളെ തരംതിരിക്കുന്നത്. പഠനവൈകല്യമുള്ള കുട്ടികൾ ചെറിയ ക്ലാസുകള് മുതലേ ലക്ഷണങ്ങൾ കാണിക്കും. അക്ഷരങ്ങളും അക്കങ്ങളും തിരിച്ചെഴുതുക, ചെറിയ കണക്കുകൾ പോലും കൂട്ടാനാവാതിരിക്കുക തുടങ്ങിയവയാണ് പൊതുവിൽ അനുഭവപ്പെടുക.

പഠനവൈകല്യം സംബന്ധിച്ച പരിശോധനകൾ പ്രൈമറി ക്ലാസുകളിൽ തന്നെ നടക്കുന്നതാണ് ഉചിതം. കുട്ടികളുടെ ബുദ്ധിവികാസത്തിന്റെ 90 ശതമാനവും ആറ് വയസ്സിനുള്ളിൽ നടക്കും. ശേഷിക്കുന്നത് കൗമാരത്തോടെയും. ചുരുങ്ങിയത് ഒമ്പതാംക്ലാസിലെങ്കിലും കുട്ടികളിൽ പരിശോധന നടന്നാലേ കുട്ടിയുടേത് പഠനവൈകല്യമാണോ, അതോ കണക്കിലും ഭാഷയിലും അടിത്തറ ഉറയ്ക്കാതെ കുട്ടി ബുദ്ധിമുട്ടുന്നതാണോ എന്ന് തിരിച്ചറിയാൻ സാധിക്കൂ. 2016 മുതലാണ് പഠനവൈകല്യമുള്ളവർക്ക് കൂടി പരീക്ഷാസഹായികളെ അനുവദിക്കുന്നത്. താലൂക്ക് തലത്തിൽ രൂപവത്കരിച്ച മെഡിക്കൽ ബോർഡുകൾ പരിശോധിച്ചാണ്

പത്താംക്ലാസ് വിദ്യാർഥിക്ക് പരീക്ഷാ സഹായിയെ വെക്കുന്നത്. പഠനവൈകല്യമുള്ളവർക്ക് ഐ.ക്യു. സാധാരണനിലയിൽ തന്നെയാകും. കുട്ടിക്ക് എഴുതാനും വായിക്കാനും കണക്കുകൂട്ടാനും അറിയുമോ എന്നുള്ള പരിശോധനയാണ് നടക്കുക. സ്വാഭാവികമായും ഈ ശേഷികൾ കുറവുള്ള വിദ്യാർഥികൾക്ക് സഹായിയെ അനുവദിക്കും. എന്നാൽ ഇതു പഠനവൈകല്യം കൊണ്ടാണോ എന്ന് ചോദിച്ചാൽ ഡോക്ടർമാർക്ക് പോലും ഉറപ്പില്ല. ഭാഷയിലും കണക്കിലും അറിവില്ലാത്ത കുട്ടിയും തപ്പിത്തടയും. സ്കൂൾ മാനേജ്മെന്റിന്റെയും അധ്യാപകരുടെയും പി.ടി.എ.യുടെയുമെല്ലാം സമർദം ഉണ്ടായിരുന്നുവെന്ന് രഹസ്യമായെങ്കിലും പലരും സമ്മതിക്കും.

### ആർക്കാണ് തോൽക്കാൻ മടി?

ആർക്കാണ് തോൽക്കാൻ മടിയെന്ന ചോദ്യത്തിന് എന്തായാലും വിദ്യാർഥിക്കല്ല എന്നാണ് ഉത്തരം. മറ്റുള്ളവർ അടിച്ചേൽപ്പിക്കുന്ന പരീക്ഷാസമർദം മാത്രമായിരിക്കും കുട്ടിയും അനുഭവിക്കുക. തെറ്റില്ലാതെ എഴുതാനും വായിക്കാനും കണക്കുകൂട്ടാനും അറിയാത്തത് ആയിരിക്കും വിദ്യാർഥിയുടെ പ്രശ്നം. മറ്റൊരാൾ എഴുതി ജയിപ്പിച്ചു തരുന്ന സർട്ടിഫിക്കറ്റ് അവന് എന്തായാലും കാലാകാലത്തേക്കുള്ള മനോവിഷമം തന്നെയായിരിക്കും.

ഉയർന്ന വിജയശതമാനം സ്കൂളിന്റെയും അധ്യാപകന്റെയും രക്ഷകർത്താവിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ജനപ്രതിനിധികളുടെ ആവശ്യമാണ്. നിരന്തരം പദ്ധതികൾ ആവിഷ്കരിച്ചിട്ടും സ്പെഷ്യൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടും വിജയശതമാനത്തിൽ പതിവായി അവസാനസ്ഥാനക്കാരാണ് വയനാട്. അപ്പോള് പിന്നെ സഹായികളെ കൂടി നിയന്ത്രിച്ചാലോ എന്ന ആശങ്കയാണ് പലർക്കും. ഇതിന് ന്യായീകരണവുമുണ്ട്,

> **“എങ്ങനെയെങ്കിലും എസ്.എസ്.എൽ.സി. പാസ്സാക്കിയാൽ ആദിവാസിക്കുട്ടികൾ സർക്കാർ ജോലി കിട്ടില്ലേ?”. എസ്.ടി. കുട്ടികളോടുള്ള മമതയേക്കാൾ ഈ കുട്ടികളെ ഉൾക്കൊള്ളുന്നതിൽ സ്കൂളുകൾ പരാജയപ്പെടുന്നത് തിരിച്ചറിയാതിരിക്കുകയല്ലേ ലക്ഷ്യം.**

പഠിപ്പിക്കുന്ന സ്കൂളിലെ വിജയശതമാനമല്ല, കുട്ടികളുടെ പഠനനിലവാരമാണ് പ്രധാനമെന്ന് അധ്യാപകരെങ്കിലും തിരിച്ചറിയണം. പഠിപ്പിച്ച പാഠം ക്ലാസിലെ എല്ലാ കുട്ടിക്കും മനസ്സിലായെന്നും പ്രായോഗികതലത്തിൽ ഉപയോഗപ്പെടുത്താൻ അവനാകുമെന്നും അധ്യാപകന് ആത്മവിശ്വാസമുണ്ടെങ്കിൽ തീരുന്നതാണ് വിഷയം. പരീക്ഷാസഹായികൾ അർഹർക്ക് മാത്രം ലഭിക്കേണ്ട സംവിധാനമാണ്. തോൽവിയേക്കാൾ വലുതാണ് കൈയിലിരിക്കുന്ന വിജയം തനിക്ക് അർഹതപ്പെട്ടതല്ലെന്ന് വിചാരിക്കുന്ന ഒരു വിദ്യാർഥി. അധ്യാപകരും സ്കൂളുകളും ഇനിയെങ്കിലും തോൽക്കാൻ തയ്യാറാവണം.

### 2023 എസ്.എസ്.എൽ.സി. പരീക്ഷാഫലം

- പരീക്ഷ എഴുതിയത് : 11787 (2458 എസ്.ടി. വിദ്യാർഥികൾ)
- ഉപരിപഠനത്തിന് അർഹത നേടിയവർ: 11600 (2293 എസ്.ടി. വിദ്യാർഥികള്)

- പരീക്ഷാസഹായിയെ (സ്ക്രൈബ്) ഉപയോഗിച്ചത് : 1023 (602 എസ്.ടി.വിദ്യാർഥികൾ)
- പരീക്ഷാസഹായിയെ സഹായത്താൽ വിജയിച്ചവർ : 1009 (593 എസ്.ടി. വിദ്യാർഥികൾ)